# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.425 26-04-2017-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.കെ.വി. വിജയദാസ്

ഡോ.ടി.എം. തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>നോട്ടുക്ഷാമം</u>**

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന് ആവശ്യമായ കറൻസി ലഭിക്കാത്തതിന്റെ കാരണങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ; | നോട്ടുനിരോധനത്തിന്റെ ഫലമായി രാജ്യത്ത് നിലനിൽക്കുന്ന കറൻസി ക്ഷാമം സംസ്ഥാനത്തെയും കാര്യമായി ബാധിച്ചിട്ടുണ്ട്. സർക്കാർ ട്രഷറി വഴി നടത്തുന്ന പണമിടപാടുകൾക്ക് ആവശ്യമായ കറൻസി ലഭ്യമാക്കുന്നതിന് ഏജൻസി ബാങ്കുകൾക്ക് സാധിക്കാതെ വന്നത് ശമ്പള/പെൻഷൻ വിതരണത്തെ ബാധിച്ചിട്ടുണ്ട്. |
| (ബി) | ഈ സ്ഥിതിവിശേഷം മറികടന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത നടപടി കളിലൂടെ പ്രശ്നപരിഹാര ത്തിനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ; | ഏജൻസി ബാങ്കുകളിൽനിന്നും ആവശ്യത്തിന് ഇംപ്രസ്റ്റ് തുക ലഭിക്കാത്തത് കാരണമുണ്ടായ ട്രഷറികളിലെ നോട്ട് ക്ഷാമത്തിന് കെ.എസ്.എഫ്. ഇ-യിൽനിന്നും ബിവറേജസ് കോർപ്പറേഷനിൽ നിന്നും ലോട്ടറി ഏജന്റുമാരിൽനിന്നും സർക്കാർ നിർദ്ദേശപ്രകാരം കളക്ഷൻ തുക സ്വീകരിച്ച് തുടങ്ങിയതിലൂടെ ഒരു പരിധി വരെ പരിഹാരമായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**